**സബ്മിഷൻ**

**ഫയലുകൾ കത്തിച്ച സംഭവം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ മൂന്നാർ ഭൂമികൈയേറ്റവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും കത്തിനശിപ്പിച്ച സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തണം. അവധിദിവസമായ 9-ാം തീയതിയാണ് തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ രേഖകൾ തീയിട്ട് നശിപ്പിച്ചത്. ചിന്നക്കനാൽ മേഖലയിൽ ഭൂമി കയ്യേറി റിസോർട്ടുകൾ കെട്ടിപ്പൊക്കിയ മാഫിയകൾക്കുവേണ്ടിയാണ് ഫയലുകൾ തീയിട്ട് നശിപ്പിച്ചത്. ചെലാൻ രജിസ്റ്ററുകൾ ഉൾപ്പടെയാണ് കത്തിച്ചത് എന്നാണ് റിപ്പോർട്ട്. വ്യാജപ്പട്ടയം കണ്ടെത്തുന്നതിന് ഏറ്റവും സഹായകരമായ രേഖയാണ് ചെലാൻ രജിസ്റ്റർ. ഞെട്ടിപ്പിക്കുന്ന ഈ സംഭവം സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ ഇപ്പോൾ ചുമതല പ്പെടുത്തിയിട്ടുള്ളത് ദേവികുളം ആർ.ഡി.ഒ. ശ്രീ. മധു ഗംഗാധറിനെയാണ്. സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള കുടിയൊഴിപ്പിക്കൽ പ്രഹസനത്തിന്റെ ദൗത്യസംഘത്തലവനാണ് ഈ ആർ.ഡി.ഒ. ദൗത്യസംഘത്തിലെ അംഗമായ തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനാണ് ഉടുമ്പൻചോല തഹസീൽദാർ ശ്രീ. വി.കെ. ഷാജി. ഭൂമികയ്യേറ്റവുമായി ബന്ധപ്പെട്ട് മുമ്പ് സസ്പെൻഷനിലായി

ലുന്ന ഉദ്യോഗസ്ഥനാണ് ഈ തഹസീൽദാർ. കയ്യേറ്റം ഒഴിപ്പിക്കാൻ നിയുക്തമായ ദൗത്യസംഘത്തിന്റെ നേതൃത്വത്തിലും ഒത്താശയോടുകൂടിയുമാണ് വ്യാജപ്പട്ടയം സംബന്ധിച്ച രേഖകൾ കത്തിച്ചത് എന്നാണ് സംശയമുണരുന്നത്. റിസോർട്ട് മാഫിയകളെ രക്ഷിക്കാനും അവർക്കെതിരായി നടന്നുവരുന്ന കേസ്സുകൾ അട്ടിമറിക്കാനുമാണ് തീവയ്പ്പ്. അതുകൊണ്ട് ഉടുമ്പൻചോലയിലെ താലൂക്ക് ഓഫീസിലെ രേഖകൾ കത്തിച്ച സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തണം. ആരോപണവിധേയരായ ഉദ്യോഗസ്ഥരുൾപ്പെട്ട ഇപ്പോഴത്തെ ദൗത്യസംഘത്തെ പിരിച്ചുവിട്ട് മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കാൻ സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കണം. ആദ്യം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭയിലെ എല്ലാ കക്ഷികളുടെയും പ്രതിനിധികളടങ്ങുന്ന സംഘം മൂന്നാർ മേഖല സന്ദർശിച്ച് കയ്യേറ്റം സംബന്ധിച്ച് വിലയിരുത്തണം. തുടർന്ന് ഉന്നതതല ദൗത്യസംഘത്തെ അയച്ച് കയ്യേറ്റം ഒഴിപ്പിക്കുകയും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയുകയും വേണം. മൂന്നാറിൽ ഭൂമി കയ്യേറ്റം രൂക്ഷമായിരിക്കുകയാണ്. മുമ്പ് വീണ്ടെടുത്ത സർക്കാർ ഭൂമികൾ കയ്യേറപ്പെടുന്നു. നിർമ്മാണം തടഞ്ഞ റിസോർട്ടുകൾ വീണ്ടും നിർമ്മിക്കുകയാണ്. കയ്യേറ്റങ്ങൾ നിയമവിധേയമാക്കിക്കൊടുക്കുന്ന പണിയാണ് റവന്യൂ വകുപ്പും പുതിയ ദൗത്യസംഘവും ചെയ്യുന്നത്. കയ്യേറ്റഭൂമിയിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഉന്നതതല ഇടപെടലിലൂടെ പഞ്ചായത്ത് ലൈസൻസ് നൽകുന്നതായി പരാതി ഉയർന്നിട്ടുണ്ട്. മൂന്നാറിലെ കയ്യേറ്റക്കാർക്കെതിരെ സമയബന്ധിത നടപടി

സ്വീകരിക്കുമെന്ന് ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽവന്നയുടനെ സർവ്വകക്ഷി യോഗത്തിൽവച്ച് മുഖ്യമന്ത്രി ഉറപ്പുനൽകിയതാണ്. എല്ലാ പാർട്ടികളും അതിന് പിന്തുണ നൽകി. എന്നാൽ കയ്യേറ്റക്കാർക്ക് പൂർണ്ണമായും ഒത്താശ ചെയ്യുന്ന സമീപനമാണ് റവന്യൂ വകുപ്പിന്റേത്. അതുകൊണ്ട് കാര്യങ്ങൾ വിലയിരുത്താൻ അടിയന്തരമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു നിയമസഭാ സമിതി മൂന്നാർ സന്ദർശിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നോട്ടീസ് നൽകിയിരിക്കുന്നത് ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ സൂക്ഷിച്ചിരുന്ന മൂന്നാർ ഭൂമികയ്യേറ്റവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും കത്തിച്ച വിഷയം സംബന്ധിച്ചാണ്. മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് യാതൊരു ഫയലും ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ദേവികുളം താലൂക്ക് ഓഫീസിലാണുള്ളത്. 2013 മാർച്ച് 9-ന് ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ വേസ്റ്റ് പേപ്പറുകൾ കത്തിച്ച സംഭവമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചിരിക്കുന്നത്. അന്ന് കത്തിച്ചുകളഞ്ഞവയിൽ 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടിംഗ് മെഷീനുകൾ കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകളും വോട്ടിംഗ് കമ്പാർട്ടുമെന്റുകളും ഇലക്ഷനുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട ഇതര പേപ്പറുകളും

ദിവസേന ഓഫീസ് മുറികളും പരിസരങ്ങളും വൃത്തിയാക്കുമ്പോൾ കിട്ടുന്ന ഉപയോഗ ശൂന്യമായ പേപ്പറുകളുമാണുള്ളത്. ഈ വാർത്ത പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നതിനെത്തുടർന്ന് ഇടുക്കി ജില്ലാ കളക്ടറോട് ഞാൻ തന്നെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും കളക്ടറും ദേവികുളം ആർ.ഡി.ഒ.-യും അന്വേഷണം നടത്തി എനിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതു മാണ്. ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഉപയോഗശൂന്യമായ പേപ്പറുക ളാണ് കത്തിച്ചുകളഞ്ഞതെന്നും ഇങ്ങനെ പേപ്പറുകൾ കത്തിച്ചത് ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും രണ്ട് ഓഫീസ് അറ്റൻഡർമാരുടെ സഹായത്തോടെയുമാണെന്നും അറിയിച്ചിട്ടുണ്ട്. പുതുതായി പണിതീർത്ത നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഓഫീസ് മാറ്റുന്നതിന്റെ ഭാഗമായി വിവിധ സെക്ഷനുകൾ മാറ്റി ക്രമീകരിക്കു ന്നതിന്റെ മുന്നോടിയായാണ് വേസ്റ്റ്പേപ്പറുകൾ കത്തിച്ചിട്ടുള്ളത്. വാർത്താ മാധ്യമങ്ങളിൽ വന്നതുപോലെ യാതൊരുവിധ ഫയൽ നശീകരണ പ്രവർത്ത നങ്ങളും അവിടെ ഉണ്ടായിട്ടില്ല.

**<u>കന്നട ഭാഷാപരിഞ്ജ്ജാനമുള്ളവരുടെ ആശങ്ക</u>**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സർക്കാർ ജോലിക്ക് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും പി.എസ്. സി.യുടെയും തീരുമാനം കേരളത്തിൽ പരക്കെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിർത്തി പ്രദേശമായ കാസർഗോഡെ ഭാഷാന്യൂനപക്ഷങ്ങളിൽ ഈ തീരുമാനം ഉണ്ടാക്കിയ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക

എന്നതാണ് ഈ സബ്മിഷൻകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന ആവശ്യം ശക്തമായി ഉയർന്നുകഴിഞ്ഞു. കാസർഗോഡ് അതിർത്തിയിൽ കന്നട സംസാരിക്കുന്നവരാണ് ഭൂരിഭാഗവും. മലയാളം നിർബന്ധമാക്കണമെന്നത് കർശനമാക്കുമ്പോൾ ഈ ഭാഷാ ന്യൂനപക്ഷം ആശങ്കയിലാണ്. കന്നട സംസാരിക്കുന്നവരിൽ പൊതുഭൂരി ഭാഗവും ആ ഭാഷയിൽ തന്നെ പഠിച്ചവരും ജോലിക്ക് ശ്രമിക്കുന്നവരുമാണ്. സർക്കാരിന്റെ പുതിയ നീക്കം മലയാള ഭാഷയ്ക്ക് വന്നുകൊണ്ടിരിക്കുന്ന അപചയം ഒഴിവാക്കാൻ ഉപകരിക്കുമെന്നതിൽ സംശയമില്ല. പക്ഷെ, കാസർഗോഡ് ജില്ലയുടെ വടക്കുഭാഗങ്ങളിൽ പലയിടങ്ങളിലും ഇപ്പോഴും മലയാളം പഠിക്കാനുള്ള സാഹചര്യമില്ല. ചില കന്നട സ്കൂളുകളിൽ 2006–ൽ മലയാളം മീഡിയം തുടങ്ങി, തസ്തിക അംഗീകരിക്കാനുള്ള അപേക്ഷ വർഷങ്ങളായി നമ്മുടെ സെക്രട്ടറിയേറ്റിൽ പൊടിപടലങ്ങൾക്കിടയിൽ നിദ്ര പൂണ്ട് കിടക്കുന്നു എന്നതും നാം വിസ്മരിക്കാൻ പാടില്ലാത്ത യാഥാർത്ഥ്യമാണ്. ഇത്തരമൊരു അവസ്ഥയിൽ കാസർഗോഡ് ജില്ലയുടെ വടക്കൻ മേഖലയിലുള്ളവർക്ക് മലയാള ഭാഷ നിർബന്ധമാക്കുമ്പോൾ പ്രത്യേക പരിഗണന നൽകണമെന്നതിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മുൻകൈയെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ട്. ഇക്കാര്യത്തിൽ പ്രത്യേക

പരിഗണന നൽകും. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ ഒദ്യോഗിക ഭാഷാവകുപ്പിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ഒരു വിഷയമാണ് 'ഔദ്യോഗിക ഭാഷാവ്യാപനം'. പത്താം ക്ലാസ് വരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാകുന്നതിന് പത്താം ക്ലാസ് മലയാളം പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിലും ഇത് ബാധകമാക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരളാ പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തണമെന്നും മലയാള മിഷന്റെ കീഴിലുള്ള മലയാള ഭാഷാപഠനത്തിന്റെ ഭാഗമായുള്ള സീനിയർ ഹയർ ഡിപ്ലോമ പരീക്ഷ വിജയിച്ചവർ ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്നുമായിരുന്നു നിർദ്ദേശം. ഇതുമൂലം ഭാഷാന്യൂനപക്ഷങ്ങൾ ഉള്ള പ്രദേശങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് നമുക്ക് നല്ലപോലെ മനസിലാകുന്നുണ്ട്. അവിടെ ഉയർന്നിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് ഗവൺമെന്റ് വ്യക്തമായ നടപടി സ്വീകരിക്കും. മറ്റു സംസ്ഥാനങ്ങളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന പ്രത്യേകമായ പരിഗണന പരിശോധിക്കുകയും. ഇവിടെ ഏതെല്ലാം വിധത്തിൽ ഇക്കാര്യത്തിന് പരിഹാരമുണ്ടാക്കാനുള്ള സാഹചര്യമുണ്ടാക്കാൻ സാധിക്കുമെന്നും നോക്കുന്നതാണ് എന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

**തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ പ്രവർത്തനം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, നമ്മുടെ സംസ്ഥാനത്തെ 14 ജില്ല കളിലും ആയിരക്കണക്കിന് തയ്യൽതൊഴിലാളികൾ പണി എടുത്തുവരുന്നു. ഈ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗീകരിക്കുകയും ജില്ലാ അടിസ്ഥാ നത്തിൽ ക്ഷേമനിധി ഓഫീസ് കൊണ്ടുവരാൻ തീരുമാനിക്കുകയും ചെയ്ത തിന്റെ ഫലമായി 12 ജില്ലകളിലും ക്ഷേമനിധി ഓഫീസുകൾ വന്നു. കാസർഗോഡ്, മലപ്പുറം എന്നീ രണ്ടു ജില്ലകളിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കാതിരിക്കുന്നത്. അതിന്റെ ഫലമായി കാസർഗോഡ് ജില്ലയിലെ പതിനാലായിരത്തിൽപരം തയ്യൽ തൊഴിലാളികൾ ക്ഷേമനിധി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാനും ആനുകൂല്യം വാങ്ങാനുമായി കണ്ണൂരിലേക്ക് വരണം. ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ 100 കിലോമീറ്റർ ദൂരം യാത്ര ചെയ്തു വേണം കണ്ണൂരിലെത്താൻ. മഹാഭൂരിപക്ഷം തൊഴിലാളികൾക്കും ഈ ആനുകൂല്യം കിട്ടില്ല എന്നതാണ് വസ്തുത. ബഹുമാനപ്പെട്ട മന്ത്രിയെകണ്ട് ഇക്കാര്യം സംസാരിച്ചപ്പോൾ കാസർഗോഡ് ഓഫീസ് തുടങ്ങുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുകയും അതിന്റെ പ്രാരംഭപ്രവർത്തനം തുടങ്ങുകയും ചെയ്തു. പക്ഷെ ഇന്നുവരെ അത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തൊഴിലാളികൾ വളരെ വലിയ ആശങ്കയിലും വിഷമത്തി ലുമാണ്. ഈ ഗവൺമെന്റ് ഇടപെട്ട് തയ്യൽതൊഴിലാളികളുടെ ക്ഷേമനിധി ഓ ഫീസ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട് സ്ഥാപിക്കാനുള്ള നടപടി അടിയന്തരമായി നിർവ്വഹിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം അദ്ദേഹം പറഞ്ഞതുപോലെ തന്നെ നേരത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയ താണ്. ഗവൺമെന്റ് അവിടെ ഓഫീസ് തുടങ്ങാൻ തീരുമാനിച്ച് 11-05-2012-ൽ തന്നെ അതിനുള്ള ഉത്തരവ് ഇറങ്ങി. അതിനുശേഷം അവിടെ സ്ഥലം അന്വേഷിച്ചു. കാഞ്ഞങ്ങാട് നഗരത്തിൽ നിന്ന് മൂന്നര കി.മീറ്റർ അകലെ സ്റ്റേറ്റ് ഹൈവേയിൽ കോവിൽപ്പള്ളി എന്ന സ്ഥലത്താണ് 310 സ്ക്വയർ ഫീറ്റ് സ്ഥലം ഓഫീസിന് വാടകയ്ക്ക് കണ്ടെത്തിയിരിക്കുന്നത്. ഓഫീസിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള ഫയൽ നടപടി കൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം തസ്തികകൾ സൃഷ്ടിക്കപ്പെടും. കൂടാതെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഒരു കാര്യം യാദൃശ്ചികമായി ഇക്കൂട്ടത്തിൽ പറയുകയാണ്, ഓരോ ക്ഷേമനിധി ബോർഡിനും ഓരോ ഓഫീസ് എന്ന സങ്കൽപ്പം മാറ്റി നൂറ് ശതമാനം കമ്പ്യൂട്ട റൈസ് ചെയ്ത് ഒറ്റ ഓഫീസിൽ പ്രവർത്തിക്കാവുന്ന പരമാവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിപ്പിക്കുന്ന ഒരു മാറ്റം കൂടി ഗവൺമെന്റിന്റെ പരിഗണ നയിലുണ്ടെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

**കൃഷി പാക്കേജും കർഷകർക്ക് നഷ്ട പരിഹാരവും**

ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്തെ കൊടിയ വരൾച്ച വലിയ തോതിലുള്ള നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടാക്കിയിട്ടുള്ളത്. അതിൽ ഏറ്റവും കൂടുതൽ വരൾച്ചയുടെ കെടുതികൾ അനുഭവിക്കുന്നത്

പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ചൂട് 40 ഡിഗ്രി സെൽഷ്യസ് കടന്നുകഴിഞ്ഞു. വേനൽമഴ ഏറ്റവും കുറവ് ലഭിച്ചത് പാലക്കാട് ജില്ലയിലാണ്. ഇപ്പോൾതന്നെ പച്ചമരങ്ങൾ കത്തുന്ന രീതി പതിവായിരിക്കുകയാണ്. സൂര്യാഘാതം സംഭവിക്കാൻ സാധ്യതയുണ്ടെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. വേനലിന്റെ കാഠിന്യം കൂടുതലാണെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടും മുൻകരുതൽ നടപടികളൊന്നും ഫലപ്രദമായി എടുത്തിരുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള അന്ത:സംസ്ഥാന നദീജല കരാർപ്രകാരം കേരളത്തിന് അർഹമായ വിഹിതം ജലം നേടിയെടുക്കുന്നതിൽ സർക്കാർ കുറ്റകരമായ അനാസ്ഥയാണ് ഇവിടെ കാണിച്ചത്. വെള്ളം ലഭ്യമാക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. പക്ഷെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു കടലാസ് കൊടുക്കാൻപോലും സർക്കാർ തയ്യാറായിട്ടില്ല. സുപ്രീംകോടതിയിൽ പോകുന്നത് ശരിയാവില്ല എന്ന രൂപത്തിലാണ് നിയമോപദേശം പോലും ഇപ്പോൾ ലഭ്യമായിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിൽ നെൽകൃഷി മാത്രം 1170 ഹെക്ടർ നശിച്ചു. കുഴൽമന്ദം - 391 ഹെക്ടർ, നെൻമാറ - 1265 ഹെക്ടർ, കൊല്ലംകോട് - 2636 ഹെക്ടർ, ചിറ്റൂർ-1175 ഹെക്ടർ, പാലക്കാട് - 199 ഹെക്ടർ, മലമ്പുഴ ബ്ലോക്ക് - 1410 ഹെക്ടർ, മണ്ണാർക്കാട് - 151 ഹെക്ടർ, അങ്ങനെ 10187 ഹെക്ടർ നെൽകൃഷിഭൂമി പാലക്കാട് ജില്ലയിൽ നശിച്ചു. അതുപോലെ തന്നെ പച്ചക്കറി 87 ഹെക്ടർ,

നേന്ത്ര വാഴ 985 ഹെക്ടർ., തെങ്ങ് 37 ഹെക്ടർ, കവുങ്ങ്, കശുമാവ് 89 ഹെക്ടർ നശിച്ചു.. ക്ഷീര മേഖലയിൽ 46 ലക്ഷം ലിറ്റർ പാൽ കുറവായി. ഇങ്ങനെ ഏറ്റവും കൂടുതൽ വരൾച്ചയുടെ കെടുതികൾ അനുഭവിക്കുന്നത് പാലക്കാട് ജില്ലയാണ്. ആ ജില്ലയിലെ നെൽകൃഷിക്കാരന് ഏക്കറിന് 4000 രൂപയാണ് നഷ്ടപരിഹാരം. തമിഴ്നാട്ടിൽ അത് ഏക്കറിന് 10,000 രൂപയാണ് കൊടുക്കുന്നത്. ഇവിടെ ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരത്തുക നൽകുന്നതുമൂലം വലിയ തോതിലുള്ള കുറവാണ് സംഭവിക്കുന്നത്. കർഷകരിൽ ഭൂരിഭാഗവും നാമമാത്ര ചെറുകിട കൃഷിക്കാരാണ്. കൃഷി നശിച്ച കർഷകർക്ക് ഉത്പാദനച്ചെലവും അതിന്റെ 50 ശതമാനത്തുകയും അധികം ചേർത്ത് നഷ്ടപരിഹാരം കൊടുക്കണമെന്ന് ഇന്ത്യ ഗവൺമെന്റ് നിശ്ചയിച്ച ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ തന്നെ നിശ്ചയിച്ചതാണ്. അതുകൊണ്ട് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാനും പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനും വേണ്ടിയുള്ള പ്രത്യേക പാക്കേജ് കേന്ദ്രഗവൺമെന്റിൽ നിന്നും നേടിയെടുത്തുകൊണ്ട് പാലക്കാട് ജില്ലയെ വരൾച്ചയിൽനിന്ന് രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, 2012-13 വർഷത്തിൽ സംസ്ഥാനത്തെ മഴലഭ്യതയിൽ വന്ന കുറവു കാരണം കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. വരൾച്ചയെ നേരിടുന്ന

തിനുവേണ്ടി 2013 ജനുവരി 23-ന് പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അതനുസരിച്ച് എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കുവാനും വായ്പകൾ പുനഃക്രമീകരിക്കുവാനും തീരുമാനിച്ചു. കുടിവെള്ളം, വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ജി.ആർ.എഫ്.-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ് എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കുടിവെള്ള വിതരണം, താൽക്കാലിക തടയണ നിർമ്മാണം, കുഴൽക്കിണർ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്ക് അതാത് വകുപ്പുകളിൽനിന്ന് അനുമതി നൽകാൻ തീരുമാനിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക നഷ്ടം നികത്തുന്നതിനായി വിള ഇൻഷുറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വരൾച്ചയെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി കേന്ദ്രസംഘം ഇന്ന് പാലക്കാട് ജില്ല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ സന്ദർശിക്കുകയാണ്.

17-03-2013 മുതൽ 21-03-2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ അവർ സന്ദർശിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി 1-ാം തീയതിയിലെ ഉത്തരവ് പ്രകാരം 5 കോടി 26 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്. ജില്ലയിൽ 6412 ഹെക്ടർ നെൽകൃഷി ഉൾപ്പെടെ ആകെ 7014.50 ഹെക്ടറിൽ കൃഷി നാശമുണ്ടായിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കാത്തതിനാൽ 3233 ഹെക്ടർ നെൽകൃഷി ഉണങ്ങിപ്പോയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷുർ ചെയ്ത 25000 കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കണമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ ഭവന പദ്ധതി

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോഴും സമ്പൂർണ്ണമായി ഭവനപദ്ധതിയില്ല. കേറിക്കിടക്കാൻ ഒരു വീടുപോലുമില്ലാത്ത പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ടും; ഐക്യകേരളം രൂപപ്പെട്ടതിനു ശേഷവും; നിരവധി ഗവൺമെന്റുകൾ മാറിമാറി വന്നെങ്കിലും മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി ഇതുവരെ വന്നിട്ടില്ല. പലരുടേയും വീടുകൾക്ക് പണ്ട് 15000 രൂപയും 25000 രൂപയും

ഗ്രാന്റായി നൽകിയിരുന്നു. ആ നൽകിയ പണമുപയോഗിച്ച് അന്ന് നിർമ്മിച്ച വീടുകളിൽ പലതും തകർന്ന് ഇല്ലാതായി മാറി. അത്തരം വീടുകളുള്ള ആളുകൾക്ക് പുതിയ ഭവനത്തിന് അപേക്ഷ കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുമാത്രമല്ല, സാനിറ്റേഷൻ ഏറ്റവും ദുർബലമായ ഒരു പ്രദേശമാണ് തീരദേശപ്രദേശം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 9 തീരദേശ ജില്ലകളിലെ തീരദേശവാസികളുടെ അടിസ്ഥാന ജീവിതസൗകര്യമെടുത്ത് നോക്കിയാൽ അതീവ ദയനീയമാണെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. അതിന് അടിയന്തരമായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കണം. മുൻകാലങ്ങളിൽ ചെറിയ ഭവന സഹായ പദ്ധതികൾ കിട്ടിയ ആളുകൾക്ക് ഇപ്പോൾ വീണ്ടും സഹായം കിട്ടില്ലെന്നുള്ള സാഹചര്യം ഒഴിവാക്കി അവർക്ക് കൂടി ഭവനവായ്പ കൊടുക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേക്ക്, ഈ ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ട 400 കോടി രൂപ നഷ്ടപ്പെടുത്തി എന്ന ഒരു വാർത്ത കഴിഞ്ഞ ദിവസം പത്രങ്ങളിൽ വരികയുണ്ടായി. ഇതിന്റെ നിജസ്ഥിതി അറിയാൻ വളരെയധികം താല്പര്യമുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കപ്പെട്ട 400 കോടി രൂപ നഷ്ടപ്പെടുത്തി എന്നുള്ള വാർത്തയുടെ സത്യാവസ്ഥ അറിയണം. സംസ്ഥാനത്തെ മാതൃകാ മത്സ്യഗ്രാമങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. 11 മാതൃകാമത്സ്യഗ്രാമങ്ങളുടെ പ്രവർത്തനമാരംഭിച്ചു. ഞാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയെ

അഭിനന്ദിക്കുകയാണ്. മാതൃകാമത്സ്യഗ്രാമങ്ങൾ കുറച്ചുകൂടി വ്യാപിപ്പിക്കണം. അതോടൊപ്പം മാതൃകാമത്സ്യഗ്രാമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ഭവനവായ്പ നിർമ്മാണത്തിനുവേണ്ടിയുള്ള ആദ്യഗഡു കൊടുത്തിട്ടുണ്ട്. അവർക്ക് അടുത്ത ഗഡു കൊടുക്കുന്നതോടൊപ്പംതന്നെ കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത മാതൃകാമത്സ്യഗ്രാമങ്ങളിൽ കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന വികസനത്തിനുവേണ്ടിയുള്ള അടുത്തഘട്ടം കൂടി തുടങ്ങാനുള്ള നടപടിയുണ്ടാകണം. 400 കോടി രൂപയുടെ നഷ്ടത്തെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, കേരളത്തിൽ 227 തീരദേശ മത്സ്യഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളുമാണുള്ളത്. ഈ ഗ്രാമങ്ങളുടെ സമഗ്രവികസനത്തിനായി സംയോജിത മത്സ്യഗ്രാമവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഏകദേശം 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തീരദേശ മത്സ്യഗ്രാമങ്ങളിൽ ഏകദേശം 18000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വളരെപരിതാപകരമായ കുടിലുകളിലാണ് താമസിക്കുന്നത്. ഇതിനുപുറമെ 10000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരാണ്. ഇതുപരിഹരിക്കാനുള്ള ആദ്യ പരിശ്രമമായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് 140 കോടിയോളം രൂപ ഭവന

നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുകയാണ്. ഇതുകൂടാതെ ഹഡ്കോയിൽ നിന്ന് 150 കോടി രൂപ തീരദേശ കോർപ്പറേഷൻ സർക്കാർ ഗ്യാരന്റിയിൽ വായ്പയെടുത്ത് 6000 വീടുകൾ നിർമ്മിച്ചുനൽകും. ഈ സാമ്പത്തികവർഷം 800 വീടുകൾ ബഡ്ജറ്റിലൂടെ ഇതിനോടകംതന്നെ നൽകിയിട്ടുണ്ട്. ഇതുകൂടാതെ 10 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ ഭവനനിർമ്മാണ ത്തിനു വേണ്ടി നീക്കിവച്ചിട്ടുണ്ട്. 12000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വീടുകളുടെ റിപ്പയറിംഗിന് അനുവദിച്ചിട്ടുണ്ട്. പരമാവധി 50000 രൂപ കണക്കാക്കി, മിനിമം 1000 വീടുകളെങ്കിലും റിപ്പയർ ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ള നിലയിലാണ് കണക്കുകൂട്ടുന്നത്. ഇവിടെ ശ്രീ. റ്റി.എൻ. പ്രതാപൻ പറഞ്ഞത് ശരിയാണ്; നേരത്തെ 25000 രൂപയും 50000 രൂപയും ഗ്രാന്റ് കിട്ടി വീട് പണിത ആളുകളുടെ ആ വീടുകളെല്ലാം ജീർണ്ണാവസ്ഥയിലാണ്. എന്നാൽ ഒരിക്കൽ സഹായം ലഭിച്ചവരായതുകൊണ്ട് അവർക്ക് പുതിയ ഭവന ത്തിനുവേണ്ടി അപേക്ഷിക്കാൻ സാധിക്കില്ല. അങ്ങനെ വളരെ പ്രയാസകര മായ സ്ഥിതിയാണുള്ളത്. അതുകൊണ്ട് അവർക്ക് 50000 രൂപ വീതമെങ്കിലും വീട് റിപ്പയറിംഗിനുവേണ്ടി നൽകാൻ ആലോചിക്കുകയാണ്. അതുപോലെ തന്നെ ടോയ്ലറ്റുകളുടെ കാര്യവും അദ്ദേഹം പറഞ്ഞു. തീരദേശമേഖലക ളിൽ സ്വന്തമായി ടോയ്ലറ്റുകൾ ഇല്ലാത്ത ആയിരക്കണക്കിനാളുകളുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം 1000 ടോയ്ലറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നതിന്

സഹായം നൽകിയിട്ടുണ്ട്. അതിന് 17500 രൂപ ഡിപ്പാർട്ട്മെന്റിന്റെ ഗ്രാന്റും 2500 രൂപ ഗുണഭോക്താവും നൽകത്തക്കവിധത്തിലാണ്. ഈ വർഷം 3000 ടോയ്‌ലറ്റുകൾ ഈ രൂപത്തിൽ നിർമ്മിച്ചുകൊടുക്കാൻ ഉദ്ദേശിക്കുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ 400 കോടി രൂപയുടെ പ്രശ്നം പറഞ്ഞു. യഥാർത്ഥ ത്തിൽ ആ 400 കോടി രൂപ അനുവദിച്ചത് ലാപ്സാക്കി, ഉപയോഗപ്പെടുത്തി യില്ല എന്നത് സാങ്കല്പികമായ ഒരു കാര്യമാണ്. 400 കോടി രൂപ അനുവദി ച്ചിട്ടില്ല. ആകെ ഉണ്ടായത് നബാർഡിൽ നിന്ന് 200 കോടി രൂപ നൽകാമെന്ന് തത്വത്തിൽ ഒരു ധാരണയുണ്ടായി. അതിന് 50 കോടി രൂപ ഈ സാമ്പത്തിക വർഷവും ബാക്കി 150 കോടി രൂപ വരുംവർഷങ്ങളിലും എന്ന് തീരുമാനിച്ചു. എന്നാൽ അത് അനുവദിച്ചിട്ടില്ല. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. അടുത്ത വർഷം അത് ലഭിക്കുമെന്നാണ് ഇപ്പോഴുണ്ടായിട്ടുള്ള ധാരണ. മാധ്യ മങ്ങളിൽ വന്ന ആ വാർത്ത അടിസ്ഥാനരഹിതമാണ്. കൂടാതെ ഈ വർഷം 25 മത്സ്യഗ്രാമങ്ങൾ സംയോജിത മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കാൻ തീരു മാനിച്ചു. രണ്ടുകോടി രൂപ വീതം നൽകിയിട്ടുണ്ട്. അടുത്ത വർഷം 25 മത്സ്യഗ്രാമങ്ങൾകൂടി നിർമ്മിക്കും. മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്ന് അദ്ദേഹം പറഞ്ഞു, വളരെ രൂക്ഷമായ കുടിവെള്ള പ്രശ്നം മത്സ്യഗ്രാമങ്ങളിലുണ്ട്. ഈ 2 കോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ അതാത് പഞ്ചായത്തുകളിൽ തന്നെ പഞ്ചായത്ത് കമ്മിറ്റിയും എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്താണ് പ്രോജക്ടുകൾ ഉണ്ടാക്കുന്നത്. കുടിവെള്ളമാണ് പഞ്ചായത്തുകൾക്ക്

ഏറ്റവും പ്രധാനപ്പെട്ടതെങ്കിൽ അവർക്ക് നിർദ്ദേശിക്കാം, എം.എൽ.എ. മാർക്കും നിർദ്ദേശിക്കാം. അതനുസരിച്ചുമാത്രമാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**കാളിപ്പാറ ശുദ്ധജല പദ്ധതി**

ശ്രീ. എ. റ്റി. ജോർജ്: സർ, കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതി യുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനി ലൂടെ ആവശ്യപ്പെടുന്നത്. നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല, കാട്ടാക്കട, കോവളം, നെയ്യാറ്റിൻകര എന്നീ നാല് നിയോജകമണ്ഡലങ്ങളിലും 16 പഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടി 1996-ലാണ് ഈ പദ്ധതി ആരംഭിച്ചത്. ഏകദേശം 35 കോടി രൂപ ഇതിനുവേണ്ടി ചെലവഴിച്ചു കഴിഞ്ഞു. വീണ്ടും 136 കോടി രൂപ കൂടി ചെലവഴിച്ചെങ്കിൽ മാത്രമേ ഇതിന്റെ നിർമ്മാണ പ്രവർത്ത നങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. നാല് ഘട്ടങ്ങളായാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അതിൽ ഒറ്റശേഖരമംഗലം ഫേസ്-I, ഒറ്റശേഖരമംഗലം ഫേസ്-II എന്നീ പദ്ധതികളുടെ പൈപ്പിടൽ, തുടങ്ങിയ പണികളെല്ലാം ഏകദേശം പൂർത്തീ കരിച്ചുകഴിഞ്ഞു. എന്നാൽ മറ്റ് രണ്ട് ഘട്ടങ്ങളുടെ പണി ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. പൈപ്പിടലോ, ഓവർ ഹെഡ് ടാങ്കുകളുടെ നിർമ്മാണപ്പണി കളോ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല പല സ്ഥലത്തും ടാങ്ക് നിർമ്മാണത്തിനാ

വശ്യമായ സ്ഥലം പോലും എടുത്തിട്ടില്ല. പൈപ്പ് സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കുന്നതിനാവശ്യമായ തുക പി.ഡബ്ല്യു.ഡി. വകുപ്പിൽ നാളിതുവരെ അടച്ചിട്ടില്ല. അതുകൊണ്ടുതന്നെ റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാത്തതിനാൽ പൈപ്പിടുന്ന പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. റോഡ് കട്ടിംഗിനുള്ള അനുമതി ലഭിച്ച ചില ഭാഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രസ്തുത പണികളും തടസ്സപ്പെട്ടിരിക്കുന്നു. ഇതുമാത്രമല്ല ശുദ്ധജല വിതരണ പദ്ധതിയുടെ പ്രധാന പണികളെല്ലാം ഇഴഞ്ഞുനീങ്ങുകയാണ്. നെയ്യാർഡാമിൽ നിന്ന് ഗ്രാവിറ്റേഷൻ പദ്ധതിപ്രകാരം, ഗ്രാവിറ്റേഷൻ ഫോഴ്സ് ഉപയോഗിച്ച് കാളിപ്പാറയുടെ അടിഭാഗത്ത് നിർമ്മിക്കുന്ന സമ്പിന്റെ പണി പകുതിയായി നിൽക്കുന്നു. കാളിപ്പാറയിൽനിന്ന് വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പണികളും പൂർത്തീകരിച്ച് കഴിഞ്ഞു. എന്നാൽ സമ്പിൽനിന്ന് ജലം ശുദ്ധീകരണ ശാലയിൽ എത്തിക്കുന്നതിനുള്ള പമ്പ് ഇതുവരെ വാങ്ങിയിട്ടില്ല. അതുമാത്രമല്ല അതിനാവശ്യമായ ടെൻഡർ നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിയുന്നില്ല. ഇതുവളരെ വേഗത്തിൽ നടക്കുന്ന ലക്ഷണങ്ങളൊന്നും കാണുന്നില്ല. അതുപോലെതന്നെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പണികളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല. ഈ പണികൾ എത്രയും വേഗം ആരംഭിച്ച് പണികൾ പൂർത്തീകരിച്ചാൽ മാത്രമേ ഈ പദ്ധതി ഭാഗികമായെങ്കിലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. പമ്പ് എത്രയും വേഗം വാങ്ങുകയും സബ്സ്റ്റേഷൻ പണികൾ കഴിയുന്നതുംവേഗം

പൂർത്തീകരിച്ചാൽ മാത്രമേ ഒറ്റശേഖരമംഗലം ഫേസ്- I, II ഘട്ടങ്ങളിൽ ഉടൻത്തന്നെ കമ്മീഷൻ ചെയ്യാനും അഞ്ച് പഞ്ചായത്തുകളിലെങ്കിലും ശുദ്ധജലം എത്തിക്കാനുമുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയുക യുള്ളൂ. വാട്ടർ അതോറിറ്റി എല്ലാ കാലങ്ങളിലും ചെയ്യുന്നതുപോലെ പൈപ്പു കൾ വാങ്ങിക്കൂട്ടുകയും അവ കുഴിച്ചിടാതെ റോഡിന്റെ സൈഡുകളിൽ കൊണ്ടിടുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കു കയും 16 പഞ്ചായത്തുകളിലും നാല് നിയോജകമണ്ഡലങ്ങളിലും മുനിസി പ്പാലിറ്റിയിലുമൊക്കെ വെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ പൂർത്തീകരിച്ച് പോകണമെങ്കിൽ വാട്ടർ അതോറിറ്റി കുറച്ചുകൂടി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആവശ്യമായ ഫണ്ട് അനുവദിക്കുകയും ഈ പണി പൂർത്തീകരിച്ച് ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ എത്രയുംവേഗം ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനി ലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തിരുവനന്ത പുരം ജില്ലയിൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത് നെയ്യാ റ്റിൻകര താലൂക്കിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കാളിപ്പാറയിൽ 36 എം.എൽ.ഡി. ശേഷി യുള്ള ജലശുദ്ധീകരണ ശാല പൂർത്തിയായി കഴിഞ്ഞു. ഇതിന്റെ അടിസ്ഥാന ത്തിൽ നാല് കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

നെയ്യാറ്റിൻകര താലൂക്കുൾപ്പെടുന്ന പാറശ്ശാല, പരശുവയ്ക്കൽ, കരകുളം, കാരോട്, ചെങ്കൽ തുടങ്ങിയ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി എൽ.ഐ.സി.യുടെ ധനസഹായത്തോടുകൂടിയാണ് നടപ്പിലാക്കി വരുന്നത്. എന്നാൽ എൽ.ഐ.സി.യിൽ നിന്ന് തുടർ ധനസഹായം ലഭ്യമല്ലാതെ വന്നതിനാൽ ബാക്കി പണികൾ മുടങ്ങിപ്പോയി. ബാക്കി പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആ പണികൾ പുരോഗമിച്ചുവരുന്നു. റെയിൽവേ ക്രോസിംഗ്, എൻ.എച്ച്. റോഡ് ക്രോസിംഗ് എന്നിവയ്ക്ക് സാംങ്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. പൊൻവിളയിൽ നിർമ്മിക്കേണ്ട ഭൂതല ജലസംഭരണി, ഉപരിതല ജലസംഭരണി പാറശ്ശാലയിലെ കൊല്ലയിലും കാരോട്, കുളത്തൂർ, കരിങ്കുളം എന്നീ വില്ലേജുകളിലും നിർമ്മിക്കേണ്ട ജലസംഭരണികൾക്കും ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 860 ലക്ഷം രൂപയാണ്. കാളിപ്പാറയിലെ ജലസംഭരണി, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായി. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം പണി പുരോഗമിച്ചുവരികയാണ്. കുരിശുമലയ്ക്കും നെല്ലിശ്ശേരിയ്ക്കും ഇടയ്ക്കുള്ള ഗ്യാപ് കണക്ഷൻ ജോലിയാണ് ഇനി അറേഞ്ച് ചെയ്യാനുള്ളത്. ടെൻഡർ നടപടി സ്വീകരിച്ചുവരുന്നു. നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം എൽ.ഐ.സി.-യുടെ ധനസഹായത്തോടുകൂടിയാണ് ആരംഭിച്ചത്. ഫണ്ടിന്റെ കുറവുമൂലം മുടങ്ങിപ്പോയി. 408 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയശേഷം ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ട്രാൻസ്മിഷൻ ടാങ്കുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. ബാക്കി പണി കൾക്കുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്. എൻ.എച്ച്. കട്ടിംഗിന് സാംങ്ഷൻ കിട്ടേ ണ്ടതായിട്ടുണ്ട്. കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ എത്രയും വേഗം സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ പദ്ധതികൾ ഏറ്റവും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും. ഗ്രാമപഞ്ചായ ത്തുകൾ സ്ഥലം ലഭ്യമാക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

## ഒ. വി. വിജയന്റെ പ്രതിമ

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, കോട്ടയ്ക്കൽ ഗവൺമെന്റ് രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും മലയാള ത്തിലെ വളരെ പ്രശസ്തനായ സാഹിത്യകാരനും കേരളീയ സംസ്കാരത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയ മഹാരഥന്മാരായിട്ടുള്ള നമ്മുടെ ധൈഷണിക ആചാര്യന്മാരിൽ പ്രമുഖനുമായ ഒ. വി. വിജയന്റെ സ്മൃതിവനവും അതിനോടനുബന്ധിച്ച് നിർമ്മിക്കപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രതിമയും അടുത്തകാലത്ത് ഏതോ ഇരുട്ടിന്റെ ശക്തികൾ പ്രതിമയ്ക്ക് തകരാറുണ്ടാക്കി. ആ കുത്സിത പ്രവൃത്തി നടത്തിയ പ്രതികളെ കണ്ടെത്തി അവരെ ശിക്ഷിക്കുകയും സമൂഹമധ്യത്തിൽ കൊണ്ടുവരികയും ചെയ്യുക യെന്നത് കേരളത്തിന്റെ ആവശ്യമാണ് നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഒരു അനിവാര്യതയുമാണ്. ആ ആവശ്യമാണ് മഹാസഭ യുടെ മുമ്പാകെ ഉന്നയിക്കുന്നത്. കോട്ടയ്ക്കലിൽ ഈ കഴിഞ്ഞ 16-ാം

തീയതി ചേർന്ന സർവ്വകക്ഷി യോഗത്തിൽ ഭരണപ്രതിപക്ഷ ഭേദമന്യേ എല്ലാ രാഷ്ട്രീയ കക്ഷികളും കൂടി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം ഉന്നയിക്കുന്നത്. പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവരെ കണ്ടെത്തേണ്ടത് വളരെ അടിയന്തരമായിട്ടുള്ള കാര്യമാണ്. കോട്ട യ്ക്കൽ പോലെ വളരെ സംസ്കാര സമ്പന്നമായിട്ടുള്ള പ്രദേശത്തെ ജനങ്ങൾ ഒന്നിച്ചുനിന്നുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം കണ്ടതാണ്. അതിന്റെ യൊരു പശ്ചാത്തലമെന്ന് പറയുന്നത് ഒ.വി. വിജയൻ രാജാസ് ഹൈസ്ക്കൂ ളിലെ പൂർവ്വവിദ്യാർത്ഥിയാണ്. ഞാൻ കോട്ടയ്ക്കൽ സ്വദേശവാസി കൂടിയാണ്. ഒ. വി. വിജയൻ അവിടെ പഠിച്ചുവെന്നുള്ളത് ആ നാട്ടുകാർക്ക് അഭിമാനകരമായിട്ടുള്ള കാര്യമാണ്. അദ്ദേഹത്തെപ്പോലുള്ള വലിയ ഒരു സാഹിത്യകാരൻ, വലിയ ഒരു പ്രതിഭാശാലി, കാർട്ടൂണിസ്റ്റ്, കഥാകൃത്ത്, പത്ര പ്രവർത്തകൻ വിവിധങ്ങളായിട്ടുള്ള മേഖലകളിലൂടെ നമ്മുടെ സംസ്ക്കാ രത്തെ നവീകരിക്കുകയും അതിന്റെ നവോത്ഥാനത്തിലേയ്ക്ക് നയിക്കുകയും ചെയ്ത മഹാപ്രതിഭയാണ് ഒ. വി. വിജയൻ. സ്കൂൾ അധികൃതർ സമൃതി വനം ഒ. വി. വിജയന്റെ പേരിൽ നിർമ്മിക്കാൻ ഒരുങ്ങിയപ്പോൾ മുനിസിപ്പാലി റ്റിയും സ്കൂൾ അധികൃതരും തമ്മിൽ സാങ്കേതികമായൊരു തർക്കമുണ്ടായി രുന്നു. കടലാസ് കിട്ടിയില്ലായെന്ന് പറഞ്ഞ് ഒരു communication gap ഉണ്ടായിരുന്നു. ഒരു ജനപ്രതിനിധിയെന്ന നിലയിൽ സ്കൂൾ അധികൃതരേയും മുനിസിപ്പാലിറ്റി നേതാക്കളെയും വിളിച്ചുചേർത്ത് അതിന് രമ്യമായ പരിഹാരം കാണുകയും ചെയ്തു. സ്മൃതിവനം അങ്ങനെത്തന്നെ തുടരാനും ഒ.വി.വിജ

യന്റെ പ്രതിമ അങ്ങനെത്തന്നെ നിലനിർത്താനും തീരുമാനിച്ചാണ് പിരിഞ്ഞത്. പിരിഞ്ഞതിനുശേഷം, ഇത് ഭംഗിയായി പരിഹരിക്കപ്പെട്ടതിൽ അസഹിഷ്ണുത യുള്ള, നമ്മുടെ നാട്ടിൽ വിവാദങ്ങളും പ്രശ്നങ്ങളും എപ്പോഴും ഉണ്ടാകണ മെന്ന് ആഗ്രഹിക്കുന്നവരും ഇതിന്റെ പേരിൽ ആരെയെങ്കിലും പ്രതികളാക്ക ണമെന്ന് ഉദ്ദേശിക്കുകയും ചെയ്യുന്ന ഏതോ ദുഷ്ടശക്തികളാണ് ഈ കൃത്യം ചെയ്തിട്ടുള്ളത്. ഇരുട്ടിന്റെ ശക്തികളെന്നാണ് ഞാൻ അവരെ വിളിക്കുന്നത്. ഒ. വി. വിജയന്റെ പ്രതിമ തകർക്കാൻ ഇരുട്ടിന്റെ ശക്തികൾക്കേ സാധിക്കൂ. ഒരു കേരളീയനോ, മലയാളിക്കോ, കോട്ടയ്ക്കൽകാരനോ, ഒരു അക്ഷരസ്നേഹിക്കോ, ഒരു സംസ്കാര സമ്പന്നനായ വ്യക്തിക്കോ ഒരിക്കലും സാധ്യമല്ലാത്ത കാര്യമാണ്. ഇപ്പോൾ അവിടെ പ്രശ്നമൊന്നുമില്ല. അതിനു ശേഷം എന്നെ ചെയർമാനാക്കി ഒരു സർവ്വകക്ഷി യോഗം മുനിസിപ്പാലിറ്റി വിളിച്ചുചേർത്തു. ആ യോഗത്തിൽ എല്ലാ കക്ഷികളും പങ്കെടുത്തു. അതിന്റെ ആദ്യത്തെ യോഗം കഴിഞ്ഞ 16-ാം തീയതി ചേർന്നു. മൂന്ന് കാര്യങ്ങളാണ് ഞങ്ങൾ തീരുമാനം എടുത്തത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് അതിൽ പ്രധാനപ്പെട്ടത്. അതിലൊന്ന്, സ്മൃതി വനം അങ്ങനെതന്നെ നിലനിർത്താനും മുനിസിപ്പാലിറ്റിതന്നെ പ്രതിമയ്ക്ക് പറ്റിയ കേടുപാടുകൾ തീർത്ത് അടുത്ത മുപ്പതാം തീയതിക്കകം പ്രതിമ പുനർനിർമ്മിക്കാനും തീരുമാനിച്ചു. രണ്ടാമത്തെ കാര്യം, ഭാവിയിൽ ഇങ്ങനെ യുള്ള വിവാദങ്ങളും കുപ്രചരണങ്ങളും ഇല്ലാതാക്കാനും ഒ.വി. വിജയന്റെ പ്രതിമയുടെ സുരക്ഷയ്ക്കുംവേണ്ടി ജനകീയ സമിതി ഉണ്ടാക്കി. ഒ. വി. വിജ

യന്റെ പ്രതിമ തകർത്ത പ്രതികളെ കണ്ടെത്തി സമൂഹമധ്യത്തിൽ കൊണ്ടുവരാനും, നാടിന് മാനഹാനി ഉണ്ടാക്കുന്ന, നമ്മുടെ സംസ്ക്കാരത്തെ വെല്ലുവിളിക്കുന്ന, നമ്മുടെ അക്ഷരപാരമ്പര്യത്തെ മുഴുവൻ വളരെ ഭീഷണാത്മകമായി അതിനെതിരെ വിരലുയർത്തുന്ന ഇത്തരം ദുഷ്ടശക്തികളെ കണ്ടെത്തുന്നതിനും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരമായ നടപടി സ്വീകരിച്ച് പ്രതികളെ എത്രയും പെട്ടെന്ന് പിടികൂടാനുള്ള ജാഗ്രത ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാന്യനായ എം. പി. അബ്ദുസ്സമദ് സമദാനി മുന്നോട്ടുവച്ച ആവശ്യങ്ങളോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്. സഭയുടെ പൊതുവികാരവും ഇതുതന്നെയാണ്. ഇവിടെ നേരത്തേ പറഞ്ഞതുപോലെ കേരള സംസ്കാരത്തിനെതിരെ നടന്ന കയ്യേറ്റമായാണ് ഗവൺമെന്റ് ഈ സംഭവത്തെ കാണുന്നത്. അക്ഷരകേരളത്തിന് ഒരിക്കലും പൊറുക്കാൻ കഴിയുന്ന പാതകമല്ല. അതുകൊണ്ട് ആ തെറ്റ് ഉണ്ടാകരുത്. ആ തെറ്റ് കാണിച്ച കുറ്റക്കാരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. അതിന് ഐ.പി.സി. 447,427 എന്നീ വകുപ്പുകൾ പ്രകാരം 142/13 ആയി കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം അവിടെ ഏറ്റവും സ്വാഗതാർഹമായ കാര്യം ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയുടെ നേതൃത്വത്തിൽ

ബന്ധപ്പെട്ട ആളുകളുടെ യോഗം കൂടുകയും ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനം എടുക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയുടെ അനുവാദം വാങ്ങിച്ചിട്ടില്ലായെന്ന ഒരു ചെറിയ കാര്യമുണ്ടായിരുന്നു. അവർതന്നെ അത് sort out ചെയ്തു. അതുകൊണ്ട് അവർ എടുക്കുന്ന എല്ലാ നല്ല നിലപാടുകൾക്കും ഗവൺമെന്റ് പിന്തുണ കൊടുക്കുകയും പഴയതിനേക്കാൾ സംതൃപ്തിയോടുകൂടി ആ പ്രതിമ അനാച്ഛാദനം ചെയ്യുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള എല്ലാ പിന്തുണയും ഗവൺമെന്റ് കൊടുക്കുകയും ചെയ്യും.

**<u>സനൽരാജിന്റെ മരണം</u>**

<u>ശ്രീ. കെ. ദാസൻ</u>: സർ, കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി, അയനിക്കാട് ഡി.വൈ.എഫ്.ഐ. യുടെ പ്രവർത്തകൻ സനൽരാജ് ഇക്കഴിഞ്ഞ ഫെബ്രുവരി 25ന് മരണപ്പെട്ടത് സംബന്ധിച്ച സാഹചര്യങ്ങളും അതിന് ഇടയാക്കിയ സംഭവങ്ങളും സംബന്ധിച്ച് വളരെ ഗൗരവതരമായ ഒരന്വേഷണം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അയനിക്കാട്, ചൊറിയഞ്ചാലിൽ സി. സി. രാജൻ അവർകളുടെ മകനായ സനൽരാജ് ഓട്ടോറിക്ഷാ ഡ്രൈവറായിരുന്നു. നല്ല നിലയിൽ തൊഴിൽ ചെയ്ത് സമാധാനപരമായി ജീവിച്ചുവരികയായിരുന്ന ഈ ചെറുപ്പക്കാരനെ പയ്യോളിയിലെ ബി.ജെ.പി. പ്രവർത്തകനായിരുന്ന മനോജ് മരണപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് പോലീസ് ക്രൈം നമ്പർ 84/12 കേസ്സിൽ കസ്റ്റഡിയിൽ എടുത്ത് സ്റ്റേഷനിൽ വച്ച് മർദ്ദിക്കുകയും

ചെയ്തുവെന്ന് സനൽരാജിന്റെ പിതാവ് പരാതിപ്പെട്ടിട്ടുണ്ട്. സനൽരാജ് മരണപ്പെട്ടതിൽ ദുരൂഹതയുണ്ടെന്നും സനൽരാജ് മരിച്ചത് പോലീസിന്റെയും പയ്യോളി പ്രദേശത്തെ ആർ.എസ്.എസ്. പ്രവർത്തകരുടെയും പീഡനം മൂലമാണെന്നും നിരന്തരം അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഓട്ടോറിക്ഷ കത്തിക്കുകയും ചെയ്തിരുന്നുവെന്നും ആക്ഷേപം ഉയർന്നിട്ടുണ്ട്. 2012 ആഗസ്റ്റ് 14-ന് രാവിലെ സൈക്കിളിൽ വരുമ്പോൾ സനൽരാജിനെ പുത്തൻ ചാലിൽ രാജീവൻ, പുത്തൻചാലിൽ വാസു മകൻ റിനീഷ് എന്ന റിങ്കു, കാളിദാസൻ, സേവാഭാരതി ആംബുലൻസിലെ ഡ്രൈവർ രൂപേഷ് എന്നിവർ ചേർന്ന് ആക്രമിച്ചിട്ടുണ്ടെന്നും സനൽരാജിന്റെ അച്ഛൻ രാജൻ നൽകിയ പരാതിയിൽ പറയുന്നുണ്ട്. ബി.ജെ.പി. പ്രവർത്തകനായ രാജീവൻ, കമ്പിവളപ്പിൽ സന്തോഷ് എന്നിവർ സനൽരാജിനെ നിരന്തരം ഭീഷണിപ്പെടുത്തുന്നത് സനൽരാജ് തന്നെ പോലീസിനെ അറിയിച്ചിട്ടും ഒരു നടപടിയും ഉണ്ടായിട്ടില്ല. മനോജ് വധക്കേസിൽ പുനരന്വേഷണം പ്രഖ്യാപിച്ചതിനുശേഷം ക്രൈംബ്രാഞ്ച് നിരന്തരം സനൽരാജിനെ വിളിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സനൽരാജിന്റെ പിതാവ് രാജൻ നൽകിയ പരാതിയിൽ പറയുന്നുണ്ട്. സി.പി.എം. നേതൃത്വത്തിനെതിരായി കള്ളമൊഴി നൽകാൻ പോലീസ് പ്രേരിപ്പിച്ചതായും വെള്ളക്കടലാസിൽ ഒപ്പിടീപ്പിച്ചതായും പരാതി ഉയർന്നുവന്നിട്ടുണ്ട്. പോലീസും ആർ.എസ്.എസ്. പ്രവർത്തകരും ചേർന്ന് തന്നെ വധിക്കുമെന്ന്

നിരന്തരം ഭീഷണിപ്പെടുത്തുന്നതായി സനൽരാജ് തന്റെ സുഹൃത്തുക്കളോട് പറഞ്ഞിട്ടുണ്ട്. സനൽരാജ് മരണപ്പെട്ടതിനുശേഷവും ഈ വസ്തുതകളെല്ലാം സനൽരാജിന്റെ മാതാപിതാക്കളും സുഹൃത്തുക്കളും വിശദീകരിക്കുന്നുണ്ട്. നിരപരാധിയായ ഒരു ചെറുപ്പക്കാരൻ പീഡനംമൂലം മരണപ്പെട്ടത് സംബന്ധിച്ച് ഇത് കൊലപാതകമാണന്ന സംശയം നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിശദമായ ഒരു അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സനൽരാജ് 25-02-2013 പുലർച്ചെ അയനിക്കാട് **പെരുവോളികുന്നിനി** എന്ന സ്ഥലത്ത് റെയിൽവേ ട്രാക്കിൽവച്ച് ട്രെയിൻ തട്ടി മരിച്ചു. അതിന് സനൽരാജിന്റെ ചെറിയച്ഛനായ രവീന്ദ്രന്റെ പരാതി പ്രകാരം പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം 160/13 ആയി അസ്വാഭാവിക മരണത്തിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടറും ട്രെയിൻ തട്ടി തലയ്ക്കേറ്റ പരിക്കുമൂലമാണ് സനൽരാജ് മരിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 25.02.2013 പുലർച്ചെ 12.15-ന് ട്രെയിൻ പയ്യോളി റെയിൽവേ സ്റ്റേഷൻ കഴിഞ്ഞപ്പോൾ പാളത്തിന്റെ വലതുഭാഗത്ത് ഒരാൾ ട്രാക്കിൽ തലവച്ചും ബോഡിഭാഗം ട്രാക്കിന് പുറത്തായും കിടക്കുന്നത് കണ്ടുവെന്നും ആ സമയം ട്രെയിൻ 100-105 കി.മീ. വേഗത്തിലായിരുന്നതിനാൽ ട്രാക്കിൽ കിടന്ന

ആളിനെ തട്ടിയശേഷം ഒരു കിലോമീറ്റർ കഴിഞ്ഞാണ് ട്രെയിൻ നിന്നതെന്നും ചെന്നൈ - മംഗലാപുരം വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ്സ് ട്രെയിനിന്റെ ഡ്രൈവർ മൊഴി നൽകിയിട്ടുണ്ട്. പയ്യോളിയിലെ ബി.ജെ.പി. പ്രവർത്തകനായ മനോജ് കൊല്ലപ്പെട്ടത് സംബന്ധിച്ച് സനൽരാജിന് ഭീഷണി ഉണ്ടായിരുന്നതായും അതിലുള്ള വിഷമത്താൽ മരിച്ചതാകാമെന്നും മൃതദേഹത്തിന്റെ ഇൻക്വസ്റ്റ് വേളയിൽ ഹാജരായ സാക്ഷികൾ മൊഴി നൽകിയിട്ടുണ്ട്. സനൽരാജ് മരിച്ചത് സംബന്ധിച്ച കേസ് പയ്യോളി എസ്.ഐ. അന്വേഷിച്ച് വരവെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പിതാവ് ശ്രീ. സി. സി. രാജൻ ജില്ലാ പോലീസ് മേധാവിക്ക് ഒരു പരാതി നൽകി. ആ പരാതിയിൽ ടി കേസുകളുടെ സമഗ്രമായ അന്വേഷണത്തിനായി 15-03-2013-ന് കോഴിക്കോട് റൂറൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.ക്ക് അന്വേഷണം കൈമാറാൻ ഉത്തരവായിട്ടുണ്ട്.

## ട്രാഫിക് പരിഷ്ക്കരണം

ശ്രീമതി ഗീതാ ഗോപി: സർ, ഒരുമാസംമുമ്പ് തൃശ്ശൂർ നഗരത്തിൽ പ്രാവർത്തികമാക്കിയ ട്രാഫിക് പരിഷ്ക്കരണം ജനങ്ങൾക്ക് വലിയ ദുരിതമായി മാറിയിരിക്കുകയാണ്. കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, തൃപ്രയാർ ഭാഗങ്ങളിൽനിന്ന് ചേർപ്പ്-പെരുമ്പള്ളിശ്ശേരി വഴി തൃശ്ശൂരിലേയ്ക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് ഇപ്പോൾ നഗരത്തിൽ പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. ബസ്സുകൾ സ്വരാജ് റൗണ്ടിൽ പ്രവേശിക്കുന്നത്

വിലക്കി നേരെ ശക്തൻ സ്റ്റാന്റിൽ തിരിച്ചുവിടുകയാണ് ചെയ്തത്. തന്മൂലം നഗരത്തിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് എത്തിച്ചേരേണ്ട യാത്രക്കാർക്ക് ഭീമമായ ഓട്ടോറിക്ഷാ ചാർജ് വഹിക്കേണ്ടി വരികയാണ്. സമയനഷ്ടവും ഉണ്ടാകുന്നു. ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഇപ്പോഴത്തെ ട്രാഫിക് പരിഷ്ക്കരണം ജില്ലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാതെ ഉദ്യോഗസ്ഥതലത്തിൽ മാത്രം ആലോചിച്ചാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. തൃശ്ശൂരിൽ ട്രാഫിക് പരിഷ്ക്കരണ ഉപദേശകസമിതി നിലവിലില്ലായെന്നാണ് അറിയുന്നത്. ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള ഈ ട്രാഫിക് പരിഷ്ക്കരണത്തിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്ന് തൃശ്ശൂർ ജില്ലയിലെ വികസനസമിതി യോഗത്തിലും സർവ്വകക്ഷി യോഗത്തിലും ഞാൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടും ജില്ലാഭരണകൂടം അനങ്ങാപ്പാറനയം തുടരുകയാണ്. ഇതുസംബന്ധിച്ചുള്ള ബഹുജനസംഘടനകൾ നടത്തിയ ക്യാമ്പയിനുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, നാട്ടിക, കയ്പമംഗലം മുതലായ നിയോജകമണ്ഡലങ്ങളിലെ ലക്ഷക്കണക്കിന് ജനങ്ങളെ വളരെയധികം ദുരിതത്തിലാക്കുന്ന നിലവിലുള്ള ഈ ട്രാഫിക് സംവിധാനം അങ്ങ് ഇടപെട്ട് അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണ മെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ കാര്യത്തെ സംബന്ധിച്ച് ശ്രീ. റ്റി. എൻ. പ്രതാപനും നേരത്തെ ഒരു പരാതി എനിക്ക് എഴുതിത്തന്നിട്ടുണ്ടായിരുന്നു. ശ്രീമതി ഗീതാ ഗോപി ഇവിടെ ഉന്നയിച്ച കാര്യത്തിൽ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ വന്നു. റൗണ്ടിൽ വണ്ടി കയറാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അതിനുകാരണം രണ്ട് ആക്സിഡന്റ് മരണം ഈ റൗണ്ടിൽ ഉണ്ടായിട്ടുണ്ട്. ഒന്ന്, ഒരു ബസ്സിന്റെ അമിത വേഗതമൂലം സ്ക്കൂട്ടറുമായി കൂട്ടിയിടിച്ച് അതിദാരുണമായി കൊല്ലപ്പെട്ട ഒരു സംഭവം. ബസ്സിൽ യാത്ര ചെയ്ത ഒരു യുവതി നായ്ക്കനാൽ എന്ന സ്ഥലത്തുവച്ച് ബസ്സിന്റെ ഈ അമിതവേഗതകൊണ്ട് മരണപ്പെടുകയുണ്ടായി. രണ്ട്, ഇവിടെ വന്ന ബസ്സ് വള്ളിക്കാട് ലൈനിനു സമീപം ഇടിച്ചുവീഴ്ത്തി ഷിജിത്ത് എന്ന ഒരു വ്യക്തികൂടി അതിദാരുണമായി മരിച്ചു. അപ്പോൾ ജനങ്ങളിൽ വലിയ ഒരു പ്രക്ഷോഭമുണ്ടായി. ആ പ്രക്ഷോഭത്തിന്റെ മുമ്പിൽ മുൻനിര രാഷ്ട്രീയ കക്ഷികളാണ്. അതിൽ യൂത്ത് കോൺഗ്രസ്സും ഡി.വൈ.എഫ്.ഐ. യും എ.ഐ.വൈ.എഫ്. ഉം എല്ലാ സംഘടനകളുമുണ്ട്. അവരെല്ലാംകൂടി നടത്തിയ ഒരു പ്രക്ഷോഭം ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഇതിനിടയ്ക്ക് കമ്മിറ്റികൾ വിളിച്ചുകൂട്ടണമെന്ന ആവശ്യം മുന്നോട്ടുവച്ചു. അതിന്റെ അടിസ്ഥാനത്തിൽ 09-12-2012-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം അവിടെ വിളിച്ചുകൂട്ടി. പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടി എടുക്കണമെന്ന് അവർ പറഞ്ഞിരുന്നു. കേരള

പോലീസ് ആക്ടിലെ വകുപ്പ് 72 പ്രകാരം ചില നടപടികൾ തീരുമാനിക്കുകയും ചെയ്തു. ഈ പരിഷ്ക്കാരങ്ങളുടെ ഭാഗമായി ചില ഭേദഗതികൾ വരുത്തി. ആ ഭേദഗതിയെക്കുറിച്ചാണ് ശ്രീമതി ഗീതാ ഗോപി ഇവിടെ ഒരു പരാതിയുടെ രൂപത്തിൽ പറയുന്നത്. അതിൽ ഗവൺമെന്റിന്റെ നിലപാട് ഞാൻ അവസാനം പറയാം. ഇതു പ്രകാരമുള്ള പരിഷ്ക്കാരങ്ങൾ 11-12-2012 മുതൽ നടപ്പാക്കി. എല്ലാ വിഭാഗം ജനങ്ങളും പത്രമാധ്യമങ്ങളും ഇതിനെ ആദ്യതലത്തിൽതന്നെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 15-12-2012-ന് ഈ തീരുമാനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ഒരു പ്രത്യേക യോഗം ചേരുകയുണ്ടായി. എല്ലാ ജനപ്രതിനിധികളോടും ആലോചിച്ചില്ല എന്നുപറയുന്നത് ശരിയല്ല. ഈ യോഗത്തിൽ ജനപ്രതിനിധികളായിട്ടുള്ള ആളുകൾ പങ്കെടുത്തിരുന്നു. തൃശ്ശൂർ എം.എൽ.എ. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, മെർച്ചന്റ്സ് അസോസിയേഷൻ, ടാക്സി-ഓട്ടോ-ബസ് ഓപ്പറേറ്റേഴ്സ് പ്രതിനിധികൾ, തുടങ്ങിയവരെല്ലാം ഈ യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. മീറ്റിംഗിൽ ഈ കാര്യങ്ങൾ വിശദമായി പഠിക്കുന്നതിനായി ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തുകയും ആ വിദഗ്ധസമിതി പരിശോധിച്ച് പോലീസ് കൈക്കൊണ്ട നടപടികൾ വളരെ ഫലപ്രദമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതിനിടെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. അവർ

ഡബ്ല്യു.പി.സി. 31176/2012 പ്രകാരം ഒരു റിട്ട് പെറ്റീഷൻ കൊടുക്കുകയും ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെടുകയും തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ ആർ.ടി.എ. മീറ്റിംഗ് കൂടി തൃശ്ശൂർ-തൃപ്രയാർ റൂട്ടിലെ പ്രശ്നം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഇക്കാര്യത്തിൽ കളക്ടർ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ഉചിതമായ നടപടികൾ സ്വീകരിച്ച് വരികയുമാണ്. തൃശ്ശൂർ - തൃപ്രയാർ റൂട്ട് മാറ്റിയതിൽ അൽപം ബുദ്ധിമുട്ട് അനുഭവിക്കുന്നത് യാത്രക്കാരാണ്. ഒരു ബസ്സിൽനിന്ന് അടുത്ത ബസ്സിൽ കയറുമ്പോൾ അവർക്ക് ആറ് രൂപ അധികമായി ചെലവഴിക്കേണ്ടി വരുന്നുണ്ട്. കളക്ടർ മുൻകയ്യെടുത്ത് അവിടെ സിറ്റി ബസ് സർവ്വീസ് തുടങ്ങുന്നതിനുള്ള ആലോചന സജീവമായ പരിഗണനയിലാണ്. നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിമിതമാണ്. വീണ്ടും ബസ്സുകൾ സ്വരാജ് റൗണ്ടിലേക്ക് പ്രവേശിച്ചാൽ അപകടസാധ്യത വളരെ കൂടുതലാണ്. പോലീസ് നിയമപ്രകാരം കൈക്കൊണ്ട നടപടികൾ പൊതുജനങ്ങളും തൃശ്ശൂരിലെ ജനപ്രതിനിധികളും പത്രമാധ്യമങ്ങളും തുറന്ന മനസ്സോടെ സ്വീകരിച്ചതായുള്ള റിപ്പോർട്ടുകളാണ് എനിക്ക് ലഭിച്ചത്. പൊതുജനങ്ങളുടെ സുരക്ഷിതത്വം മുൻനിർത്തി ശ്രീമതി ഗീതാ ഗോപിയും ശ്രീ. ടി. എൻ. പ്രതാപനും ഇപ്പോൾ ഈ സഭയിൽ ഉന്നയിച്ച അവരുടെ വികാരംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ഒരിക്കൽ കൂടി പരിശോധിക്കാം.

നമുക്ക് ഒരു താൽപര്യം മാത്രമേയുള്ളൂ. ഒന്നാമതായി സ്വരാജ് റൗണ്ടിലുണ്ടാകുന്ന ആക്സിഡന്റുകൾ ഒഴിവാക്കണം. രണ്ട് ജനങ്ങൾക്കുണ്ടാകുന്ന അസൗകര്യം മാറണം. ഈ രണ്ട് വിഷയത്തിനും പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന വിധത്തിൽ പ്രായോഗികമായ ഒരു നിർദ്ദേശം തൃശ്ശൂരിൽനിന്ന് ലഭിക്കണം. അതുകൊണ്ട് തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.മാർ അവിടത്തെ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെയെല്ലാം പൊതുവികാരം അറിഞ്ഞശേഷം ഒരു അഭിപ്രായം അറിയിക്കുന്നതിനുവേണ്ടി നിർദ്ദേശിക്കുന്നതാണ്.

## ഫയർ സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: സർ, അഗ്നിബാധമൂലമുള്ള അപകടങ്ങൾ അടിക്കടിയുണ്ടാകുന്ന ഒരു പ്രദേശമാണ് തൃത്താല. കഴിഞ്ഞ ദിവസം പാലക്കാട് ജില്ലയിലാണ് സംസ്ഥാനത്തെ ഏറ്റവും വലിയ പടക്കശാലയ്ക്ക് തീപിടിച്ച് ഗുരുതരമായ അപകടമുണ്ടായത്. കുറച്ച് മാസങ്ങൾക്കുമുമ്പ് ത്രാങ്ങാലിയിൽ ഇതിനുസമാനമായ അപകടമുണ്ടായി. അതിനുമുമ്പ് വലിയ രീതിയിലുള്ള വെടിക്കെട്ട് അപകടമുണ്ടായത് തൃത്താലയിലെ മുടവന്നൂരിലാണ്. ഇത്തരത്തിലുള്ള വെടിക്കെട്ട് അപകടങ്ങൾ ഒരുഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് മറ്റ് തരത്തിലുള്ള തീപിടിത്തം വ്യാപകമായി നടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആനക്കരയിൽ 11-04-2012-ൽ ഒരു ടയർ വ്യാപാര കേന്ദ്രത്തിൽ അഗ്നിബാധയുണ്ടായപ്പോൾ കടയുടമയുടെ കുഞ്ഞുങ്ങളടക്കമുള്ള മൂന്ന് പേരാണ് മരണപ്പെട്ടത്. അതിൽ ഒരു കുട്ടിക്ക് പതിനൊന്ന് വയസ്സും മറ്റേ കുട്ടിക്ക് ഏഴ് വയസ്സുമായിരുന്നു. അതിന് ഏതാനും

മാസങ്ങൾക്കുമുമ്പ് പടിഞ്ഞാറങ്ങാടിയിൽ ഒരു പെയിന്റ് കടയിൽ തീപിടിച്ച് ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി. ഇത്തരത്തിലുള്ള നിരവധി അപകടങ്ങൾ ആ പ്രദേശത്ത് ആവർത്തിക്കുകയാണ്. പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ ചൂടുള്ള പ്രദേശമായി പാലക്കാട് ജില്ല മാറുകയാണ്. പച്ച മരങ്ങൾപോലും നിന്നുകത്തുന്ന കാഴ്ച ദൃശ്യ-മാധ്യമങ്ങളിലൂടെ നമ്മൾ കാണുകയാണ്. ഇത്തരത്തിലുള്ള അപകട സാധ്യത വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തൃത്താല നിയോജകമണ്ഡലത്തിലെ പടിഞ്ഞാറങ്ങാടി കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ബഡ്ജറ്റിൽ ഇത്തരത്തിലൊരു പ്രഖ്യാപനം പ്രതീക്ഷിച്ചിരുന്നെങ്കിലും നിരാശാജനകമായി അത് ഉണ്ടായില്ലായെന്നുകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ബഡ്ജറ്റിന്റെ മറുപടി പറയുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു അനുകൂലമായ തീരുമാനം കൈക്കൊള്ളണം. കൂടാതെ അങ്ങയുടെ വകുപ്പിന്റെ ഒരു പദ്ധതി എന്നുള്ള നിലയിൽ അത് പ്രഖ്യാപിക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീപിടിത്തം മാത്രമല്ല, ഭാരതപ്പുഴ കേന്ദ്രീകരിച്ച് വെള്ളിയാങ്കല്ല് റിസർവ്വോയറിൽ ആളുകൾ മുങ്ങിമരിക്കുന്ന സാഹചര്യവും അടിക്കടി ഉണ്ടാകുന്നുണ്ട്. തീപിടിത്തം മൂലമുള്ള അപകടങ്ങൾ, അതുപോലെതന്നെ മുങ്ങിമരണം ഇതെല്ലാം അടിക്കടി ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൃത്താലയിലെ

ഫയർ സ്റ്റേഷൻ എന്നുള്ളത് വളരെ വലിയൊരു ആവശ്യമാണ്. അങ്ങ് ഇത് അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. വി. ടി. ബൽറാം പറഞ്ഞതിൽ വളരെ പ്രധാന പ്പെട്ട ഒരു വിഷയമുണ്ട്. തൃത്താലയിൽ അപകടമുണ്ടായാൽ ഒരു ഫയർ എഞ്ചിൻ അവിടെ എത്തുന്നതിന് 20 കിലോമീറ്റർ ദൂരം പിന്നിടണം. തൃത്താ ലയിൽ ഫയർസ്റ്റേഷൻ വരാതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം അവിടെ ആവശ്യമുള്ള സ്ഥലവും കെട്ടിടവും ഇല്ലായെന്നുള്ളതാണ്. ആവശ്യമുള്ള സ്ഥലവും കെട്ടിടവും നൽകാമെന്നുള്ള ഒരു തീരുമാനം വന്നാൽ പ്രയോറിറ്റി കൂടി പരിശോധിച്ചതിനുശേഷം ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

വാഹനപരിശോധനയുടെ ഫലമായുള്ള അപകടങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, വാഹന പരിശോധന, പ്രധാനമായും ഇരുചക്ര വാഹന പരിശോധനയുടെ പേരിൽ കേരളത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് അപമാനകരമായ ഒരു സ്ഥിതിവിശേഷമാണ്. വാഹന പരിശോധനയുടെ പേരിൽ സംസ്ഥാനത്താകെ പോലീസ് നടത്തിക്കൊണ്ടിരി ക്കുന്ന ഇത്തരം അപരിഷ്കൃതമായ രീതികൾ ആധുനിക സമൂഹത്തിന് അംഗീകരിക്കാൻ സാധിക്കാത്ത ഒന്നായി മാറിയിരിക്കുകയാണ്. ഇവിടെ ഒരു കാടത്വമാണ് നടക്കുന്നത്. വാഹന പരിശോധന, ഹെൽമറ്റ് വേട്ട, വേഗത പരിശോധന എന്നിവയുടെയെല്ലാം മറവിൽ നടക്കുന്നത് ഒരിക്കലും അംഗീക

രിക്കാൻ സാധിക്കാത്ത ചില പ്രവണതകളാണ്. കഴിഞ്ഞ ദിവസം കോഴിക്കോട് രണ്ട് യുവാക്കളുടെ മരണം ഇതിന്റെ ഭാഗമായി സംഭവിക്കുകയുണ്ടായി. കേരളത്തിൽ ഇത് ആദ്യത്തെ സംഭവമല്ല. പോലീസ് ഉദ്യോഗസ്ഥരുടെ അധികാരം പ്രകടിപ്പിക്കുവാനും പകവീട്ടാനുള്ള അപൂർവ്വ അവസരമായിട്ടാണ് വാഹന പരിശോധനയെ ഇപ്പോൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഒളിവിൽ മറഞ്ഞിരുന്ന് ശത്രുവിന്റെ മേൽ ചാടി വീഴുന്ന വേട്ടക്കാരന്റെ മനോഭാവത്തോടുകൂടി കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളുടെ സൈഡിൽ പോലീസ് ഉദ്യോഗസ്ഥർ കാത്തുനിൽക്കുകയാണ്. ഇത്തരം മനോഭാവത്തോടുകൂടിയുള്ള വാഹന പരിശോധന അടിയന്തരമായി അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണം. മെട്രോപൊളിറ്റൻ നഗരങ്ങൾ, വിദേശ രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലെല്ലാം നിയമവിരുദ്ധമായി വാഹന സവാരി നടത്തുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്ന രീതികളുണ്ട്. മരണംവരെ സംഭവിക്കുന്ന ഇത്തരം വേട്ടയാടലിലൂടെയല്ല, മാന്യവും ആധുനിക സമൂഹത്തിന് ചേർന്നതുമായ രീതികളിലൂടെയാണ് കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടത്. അത്തരം രീതികളെക്കുറിച്ച് പോലീസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കണം. നിയമം ലംഘിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ കളക്ട് ചെയ്യുകയും പിഴയും ശിക്ഷയും നൽകുകയും ചെയ്യുന്ന രീതി പല ആധുനിക സമൂഹങ്ങളിലും വിദേശ രാജ്യങ്ങളിലും മെട്രോപൊളിറ്റൻ നഗരങ്ങളിലുമുണ്ട്. ആധുനിക സമൂഹത്തിന് ഒരിക്കലും യോജിക്കാൻ സാധിക്കാത്തതും അപമര്യാദ നിറഞ്ഞതുമായ ഇത്തരം പീഡനങ്ങൾ അടിയ

ന്തരമായി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ദമ്പതികൾ യാത്ര ചെയ്യുമ്പോൾപ്പോലും ഇത്തരം പീഡനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇതിനൊരു പുതിയ സംവിധാനം സർക്കാർ ഉണ്ടാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ പ്രകടിപ്പിച്ച പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഇതിനൊരു ഒരു മറുവശം കൂടിയുണ്ട്. വാഹന പരിശോധന പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചാൽ അക്രമ പ്രവർത്തനം നടത്തുന്നതിനും ആയുധം ശേഖരിക്കുന്നതിനുമുള്ള ഒരു കംപ്ലീറ്റ് ലൈസൻസായി അത് മാറും. നമ്മുടെ സമൂഹത്തിന് അങ്ങനെ യൊരു ലൈസൻസ് നൽകാൻ സാധിക്കുമോ? രണ്ടാമതായി മദ്യപിച്ച് വാഹനമോടിക്കുന്നത് എങ്ങനെയാണ് ഉൾക്കൊള്ളാൻ സാധിക്കുക? എത്രയോ ആളുകളുടെ മരണത്തിലാണ് ഇത് കലാശിക്കുന്നത്. മദ്യപിച്ച് വാഹനമോടിക്കുന്നവർ മരിക്കുകയും അവർ കുറച്ച് ആളുകളെ കൊല്ലു കയും ചെയ്യും. ആയതിനാൽ വാഹന പരിശോധന വേണ്ടായെന്ന് പറയാൻ സാധിക്കുമോ? ഹെൽമെറ്റ് ധരിച്ച് മാത്രമേ വാഹനം ഓടിക്കാവൂ എന്നുള്ള കോടതിയുടെ ഒരു വിധിയുണ്ട്. പക്ഷേ ചില ആളുകൾക്ക് ഇതിന് അസൗകര്യമുണ്ടാകുന്നുണ്ട്. ആയതിനാൽ ഇത് രണ്ടും തമ്മിൽ യോജിപ്പിക്കാൻ സാധിക്കുന്ന മാന്യമായ ഒരു പോയിന്റ് കണ്ടെത്തുക എന്നു ള്ളതാണ് നമ്മുടെ ലക്ഷ്യം. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ പോസിറ്റീ വായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഒരു പുതിയ പ്രൊപ്പോ

സൽ വരുന്നുണ്ട്. അത് ഫൈനൽ പ്രൊപ്പോസലാണെന്ന് ഞാൻ പറയുന്നില്ല. ഹെൽമെറ്റ് ധരിച്ച് വാഹനമോടിക്കുന്നവർക്കുമാത്രമേ പെട്രോൾ പമ്പിൽനിന്നും പെട്രോൾ നൽകുകയുള്ളൂ എന്ന ഒരു നിബന്ധന മറ്റ് ചില സംസ്ഥാനങ്ങളിലുണ്ട്. കേരളത്തിൽ ഇത് നടപ്പാക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിക്കണമെന്നുള്ള ഒരു പൊതു പ്രൊപ്പോസൽ വന്നിട്ടുണ്ട്. രണ്ടാമതായി ഒളിഞ്ഞിരുന്ന് വാഹന പരിശോധന നടത്തുന്നതിനുപകരം ക്യമറ വച്ച് പരിശോധിക്കണം. കുറ്റകൃത്യം ചെയ്തതായി ക്യാമറയിൽ തെളിഞ്ഞാൽ അവർക്കെതിരെ നടപടി സ്വീകരിക്കാം. ഇത് രണ്ടും നടത്തിയാലും വാഹന പരിശോധന നടത്തിയില്ലെങ്കിൽ വാഹനത്തിനകത്ത് ആയുധം കൊണ്ടുപോകുന്നത് എങ്ങനെയാണ് തടയാൻ സാധിക്കുക? ബണ്ടിചോർ തിരുവനന്തുപുരത്തുനിന്ന് ഒരു വണ്ടി മോഷ്ടിച്ചുകൊണ്ടുപോയി. വാഹന പരിശോധന നടത്തിയില്ലെങ്കിൽ എങ്ങനെയാണ് അയാളെ നമുക്ക് പിടിക്കാൻ സാധിക്കുന്നത്? ഇപ്രകാരം പരിശോധിച്ചതുകൊണ്ടുതന്നെയാണ് അയാളെ പിടിക്കാൻ സാധിച്ചത്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഞാൻ വളരെ പോസിറ്റീവായിട്ടാണ് മറുപടി പറയുന്നത്. എന്റെ നിലപാട് നെഗറ്റീവല്ല. ഒരു കള്ളൻ ഇരുചക്രവാഹനത്തിൽ കയറരുതെന്ന് പറയാൻ നമുക്ക് സാധിക്കുമോ? ആയതിനാൽ സംസ്ഥാനത്തിന്റെ സുരക്ഷ, മൂന്നരക്കോടി ജനങ്ങളുടെ സുരക്ഷ, നിയമസമാധാനപാലനം ഇതെല്ലാംകൂടി യോജിച്ചുകൊണ്ടുവേണം ഈ വിഷയത്തെ അഡ്രസ് ചെയ്യാൻ. അങ്ങനെ വരുമ്പോൾ ചില നിബന്ധനകൾ നമുക്ക്

വേണ്ടിവരും. ഹെൽമെറ്റ് പരിശോധന സംബന്ധിച്ച ഇതര പ്രൊപ്പോസലുകൾ മറ്റ് ചില സംസ്ഥാനങ്ങളിലുണ്ട്. നമ്മളും ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇത് ആരെയും വിഷമിപ്പിക്കുന്നതിനുവേണ്ടിയല്ല. ഇവിടെ എൺപത് ലക്ഷം വാഹനങ്ങളാണുള്ളത്. ഈ വാഹനങ്ങളെല്ലാം ഒരേ രൂപത്തിൽ നിരത്തിലിറങ്ങുമ്പോൾ നിരത്തിനുണ്ടാകുന്ന അസൗകര്യം നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. ഇവർ നിയമത്തിന് വിധേയരായി പോകണം. അതുകൊണ്ട് വാഹന പരിശോധനയേ വേണ്ട എന്ന സമീപനം ഒരു കാലത്തും ഒരു ഗവൺമെന്റിനും സ്വീകരിക്കാൻ സാധിക്കുന്നതല്ല. ഇത് ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. എല്ലാ ഗവൺമെന്റുകളും ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടുണ്ട്. വാഹന പരിശോധന പരിഷ്കൃതമായിരിക്കണമെന്ന് ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ ഒരു പോയിന്റ് ഞാൻ പോസിറ്റീവായി എടുക്കുകയാണ്. അതിന് എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരിക്കലും നെഗറ്റീവായ സമീപനം സ്വീകരിക്കില്ല. അത് പോസിറ്റീവായി ചെയ്യണം എന്നതാണ് ഗവൺമെന്റിന്റെ തീരുമാനം. തലവേദനയുണ്ടെന്നുകരുതി തല വെട്ടിക്കളയാൻ സാധിക്കുമോ? ഇവിടെ നിയമം നിയമമായിത്തന്നെ പോകണമെന്നും അതേസമയം അത് നടപ്പാക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കണമെന്നുമാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, കാറിലും പ്രത്യേകിച്ച് ടു വീലറുകളിൽ മൊബൈലിൽ സംസാരിച്ചുകൊണ്ട് പാഞ്ഞു പോകുന്ന സംവിധാനം നമ്മുടെ നഗരങ്ങളിൽ ധാരാളമുണ്ട്. അതുകൂടി പ്രത്യേകമായി പരിശോധിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനവും കറക്ടാണ്. അതിനുവേണ്ടി കൈകാണിച്ചാൽ നിറുത്തണ്ടേ? ഇപ്രകാരം ചെയ്യരുതെന്നാണ് ഇപ്പോൾ ചോദിച്ചതിന്റെ സൂചനപോലെ വരുന്നത്. അദ്ദേഹം ആ രൂപത്തിൽ പറഞ്ഞു എന്ന് ഞാൻ പറയുന്നില്ല. വാഹന പരിശോധനയേ വേണ്ട എന്നുള്ള രൂപത്തിലാക്കാൻ സാധിക്കുമോ? അങ്ങ് കൂടി യോജിക്കുന്ന കാര്യത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്.

**കാർഷിക മേഖലയിലെ പ്രതിസന്ധി**

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ കാർഷിക മേഖല ദീർഘകാലമായി ഗുരുതരമായ പ്രതിസന്ധിയിലാണ്. അതിപ്പോൾ മൂർച്ഛിച്ചിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം, കാർഷികമേഖലയിൽ വന്നിട്ടുള്ള വരൾച്ച, ജലസേചന പദ്ധതികളുടെ പരാജയം, കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ, കാർഷിക വായ്പയുടെ പലിശ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ തുടങ്ങിയവ കർഷകകുടുംബങ്ങളെ വേട്ടയാടുകയാണ്. മുൻ കാലഘട്ടങ്ങളിൽ കർഷകർ എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്തതിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നടക്കുകയാണ്. കേരളത്തിൽ വീണ്ടും കർഷക ആത്മഹത്യകൾ ഉണ്ടാകുമെന്നതിന്റെ സൂചന

യാണ് കാണുന്നത്. അതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ വലിയൊരു വിഭാഗം കർഷകർ ഇപ്പോൾ സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികത്വമൊന്നും പറയാതെ കേരളത്തിലെ കൃഷിക്കാരെ സഹായിക്കാനും അവർക്ക് പ്രത്യേകമായ സാമ്പത്തിക സഹായം നൽകാനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദംചെലുത്തി കേരളത്തിനുവേണ്ടി പ്രത്യേകമായൊരു പാക്കേജ് നേടിയെടുക്കാനും ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും മുഖ്യമന്ത്രിയും മുൻകയ്യെടുക്കണം. കാരണം, കേരളത്തിലെ വരൾച്ച അത്യന്തം ഗുരുതരമാണ്. കൃഷിക്കാരും അവരുടെ കുടുംബങ്ങളുമാണ് അതിന്റെ ഇരകളാകുന്നത്. ഈ വിഷയത്തിൽ കാലതാമസം വരുത്താതെ അടിയന്തരമായി ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ ആശ്വാസ നടപടികൾ നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, അതീവ ഗുരുതരമായൊരു പ്രശ്നം തന്നെയാണ് മുൻ മന്ത്രികൂടിയായ ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചത്. കേരളം ഈ സാമ്പത്തിക വർഷത്തിൽ അതിരൂക്ഷമായ വരൾച്ച നേരിടുകയാണ്. വിവിധ ജില്ലകളിൽ വിവിധ രീതിയിലാണ് ദുരന്തം കാണുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും കുറഞ്ഞതിന്റെ ഫലമായി സംസ്ഥാനത്ത് വളരെയധികം ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത് നമ്മുടെ കാർഷികമേഖലയെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്.

ദീർഘകാല വിളകൾക്ക് ഇതുകൊണ്ടുണ്ടാകുന്ന ദോഷം വരുംവർഷങ്ങളിൽ മാത്രമേ കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഉപ്പുവെള്ളം കയറിയതിനാലും മഴ ലഭിക്കാത്തതിനാലും കോട്ടയം ജില്ലയിൽ ഏകദേശം 5000 ഹെക്ടർ നെൽപ്പാടം നശിച്ചിരിക്കുകയാണ്. അവിടത്തെ കർഷകരുടെ ആവശ്യപ്രകാരം അടുത്ത കൃഷിയിറക്കുന്നതിനുവേണ്ടിയുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ കൃഷിക്കാരെ സഹായിക്കുന്നതിനായി ഈ സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളേയും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് 15-02-2013-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ.വി. വിജയദാസ് എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടിയായി റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ഒരു ഹെക്ടറോ അതിനുതാഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ പലിശയിനത്തിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻകീഴിൽ അടയ്ക്കുന്നവരുടെ കാര്യത്തിൽ വായ്പ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറോ അതിൽത്താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് ഇനിമു

തൽ പലിശരഹിത വായ്പ സർക്കാർ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇതുവരെ സഹകരണ വാണിജ്യ ബാങ്കുകൾക്ക് നൽകിവരുന്ന ഇന്റ റസ്റ്റ് സബ്‌വെൻഷൻ പദ്ധതി ഷെഡ്യൂൾഡ്-വാണിജ്യ ബാങ്കുകൾക്കും നൽകു ന്നതാണ്. ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം വ്യക്തമാ ക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം നമ്മുടെ കർഷകർക്കും ലഭ്യമാക്കുന്ന താണ്. വരൾച്ചയുടെ കാഠിന്യം പഠിച്ച് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സംഘം സംസ്ഥാനത്ത് പര്യടനം നടത്തിവരികയാണ്. ഇന്ന ലെയും ഇന്നും നാളെയുമായുള്ള സന്ദർശനം കഴിഞ്ഞ് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും മറ്റ് മന്ത്രിമാരുമായി സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയെക്കുറിച്ച് ചർച്ച നടത്തുകയും കേന്ദ്രത്തിൽ നിന്നും ഉദാരമായ സഹായം ലഭ്യമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കാൻ വേണ്ടിയുള്ള സമ്മർദ്ദം ചെലുത്തുന്നതുമാണ്. വരൾച്ചമൂലം കെടുതികളുണ്ടായി ദുരന്തം അനുഭവിക്കുന്ന കർഷകർക്ക് പലി ശയിനത്തിൽ കൂടുതൽ ആശ്വാസനടപടികൾ നൽകുകയെന്നത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.